(ബി) ഈ പദ്ധതികൾ ഓരോന്നിന്റേയും അടങ്കൽ തുക എത്ര വീതമാണ്;

(സി) ഓരോന്നിനും ഇതിനകം എന്തു തുക വീതം ചെലവഴിച്ചു;

(ഡി) ഓരോ പദ്ധതിയും ആരംഭിച്ചത് ഏത് വർഷത്തിൽ;

(ഇ) പണി സ്തംഭനത്തിലായ ഏതെല്ലാം പദ്ധതികളുണ്ട്?

ഉത്തരം

(എ) — (ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഇ) പണി സ്തംഭനത്തിലായ പദ്ധതികൾ ഒന്നുതന്നെ ഇല്ല.

പേരാമ്പ്രയിൽ സ്ഥിതിചെയ്യുന്ന കുറ്റ്യാടി ജലസേചന പദ്ധതിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ് നിർത്തലാക്കുന്നതിനുള്ള തീരുമാനം

88 [1918] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിൽ സ്ഥിതിചെയ്യുന്ന കുറ്റ്യാടി ജലസേചന പദ്ധതിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസ് നിർത്തലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായി എന്തെങ്കിലും ഉത്തരവ് സർക്കാർ ഇറക്കിയിട്ടുണ്ടോ;

(സി) കുറ്റ്യാടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം ആഫീസുകളാണ് ഇപ്പോൾ പേരാമ്പ്രയിൽ പ്രവർത്തിക്കുന്നത്;

(ഡി) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസും അതിനോടനുബന്ധിച്ചുള്ള മുഴുവൻ ജീവനക്കാരെയും പേരാമ്പ്രയിൽ തന്നെ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ പേരാമ്പ്രയിലുള്ള കാഡാ ഡിവിഷൻ നിർത്തലാക്കുവാനും പഴശ്ശി ജലസേചന പദ്ധതിയുടെ കാഡാ പ്രവർത്തനങ്ങൾക്കായി കാഡാ ഡിവിഷൻ, കണ്ണൂർ എന്ന നിലയിൽ പ്രവർത്തിക്കുവാനും ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്. സർക്കാർ ഉത്തരവ് ജി.ഒ. (ആർ ടി.) നമ്പർ 484/05/ജ.വി.വ. തീയതി 26-4-2005.

(സി) കുറ്റ്യാടി ഇറിഗേഷൻ ഡിവിഷൻ, പേരാമ്പ്രയും വടകര സബ് ഡിവിഷൻ ആഫീസിന് കീഴിൽ പ്രവർത്തിക്കുന്ന ഒന്നും നാലും സെക്ഷൻ ആഫീസുകളും.

(ഡി) കാഡാ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പന്ത്രണ്ട് പദ്ധതികളിൽ ഒന്നാണ് കുറ്റ്യാടി പദ്ധതി. ഈ പദ്ധതിക്ക് കേന്ദ്ര സഹായം നിർത്തലാക്കിയ സാഹചര്യത്തിൽ, കാഡാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പേരാമ്പ്രയിലെ ജീവനക്കാരെ മാത്രം പഴശ്ശി പദ്ധതിയുടെ കാഡാ പ്രവർത്തനങ്ങൾക്കായി കണ്ണൂരിലേക്ക് മാറ്റിയിട്ടുണ്ട്.

---

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly